## പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4878** **23.03.2018 -ലെ മറുപടിക്ക്**

**പട്ടികജാതി കുടുംബത്തിന് വീട്ടുവയ്ക്കുന്നതിനുള്ള ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കുടുംബത്തിന് വീടും സ്ഥലവും വാങ്ങുന്നതിന് എത്ര രൂപവരെ ധനസഹായം ലഭ്യമാക്കും എന്നറിയിക്കാമോ; | (എ) | പട്ടികജാതി കുടുംബത്തിനു ഭവന നിർമ്മാണത്തിനായി നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം 4 ലക്ഷം രൂപയും ഭൂമി വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ യഥാക്രമം 3,75,000/-, 4,50,000/-, 6,00,000/- രൂപയും ഗ്രാന്റായി അനുവദിക്കുന്നു. |
| (ബി) | പട്ടികജാതിക്കാരനായ പുരുഷൻ മിശ്രവിവാഹം നടത്തിയാൽ ഈ ധനസഹായം ലഭിക്കുമോ; ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ; | (ബി) | മിശ്രവിവാഹിതരായ പട്ടികജാതി വിഭാഗത്തിലുള്ളയാൾക്ക് പുരുഷനായാലും/ സ്ത്രീയായാലും അർഹതയുടെ അടിസ്ഥാനത്തിൽ ഈ ധനസഹായം ലഭിക്കും. |
| (സി) | കോട്ടയം ജില്ലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തത്തപ്പള്ളി വീട്, വെള്ളാശ്ശേരി, കടുത്തുരുത്തി താമസിക്കുന്ന സുധീഷ് ലാൽ വീടിനും സ്ഥലത്തിനും നൽകിയ അപേക്ഷയിൽ (ഫയൽ നമ്പർ എ 4/4192/2017) ടി ജില്ലാ പട്ടികജാതി വികസന ഓഫീസ് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; | (സി) യും (ഡി) യും (ഇ) യും | പ്രത്യേക പരിഗണന നൽകി ആനുകൂല്യം നൽകാൻ ശുപാർശ ചെയ്തുകൊണ്ടുള്ള കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസറുടെ കത്ത് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുള്ളത്, 27.12.2017-നാണ്. ശ്രീ.സുധീഷ് ലാലിന്റെ അപേക്ഷ പ്രസ്തുത കത്തിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്നില്ല. നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം ശ്രീ.സുധീഷ് |

| | | | |
|---|---|---|---|
| (ഡി) | ഈ ഫയൽ പ്രസ്തുത ഡയറക്ടറുടെ ഓഫീസിൽ 19/2/2017-ൽ ലഭ്യമാക്കിയിട്ടും നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; ഫയൽ നാളിതുവരെ തീരുമാനമാകാതെ കിടന്നതിന് കാരണം വ്യക്തമാക്കുമോ; അപൂർണമായ ഫയലാണ് ഡയറക്ടർക്ക് സമർപ്പിച്ചതെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | | ലാലിന്റെ അപേക്ഷ പരിഗണിയ്ക്കുവാൻ കഴിയില്ലയെന്ന് 08.03.2018-ൽ കോട്ടയം ജില്ലാ പട്ടികജാതി വികസന ആഫീസറെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ മന:പൂർവ്വമായ യാതൊരു കാലതാമസവും ഉദ്യോഗസ്ഥതലത്തിൽ നിന്നും ഉണ്ടായിട്ടില്ല. |
| (ഇ) | നിലവിലെ ഫയലിന്റെ അവസ്ഥ വ്യക്തമാക്കുമോ; മൂന്നുമാസംവരെ ഫയൽ കൈവശം വച്ചതിനുശേഷം അനാവശ്യ കാരണങ്ങൾ പറഞ്ഞ് ഫയൽ മടക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| (എഫ്) | മിശ്ര വിവാഹിതനായ പട്ടികജാതിക്കാരന് വീടും വസ്തുവും വാങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമാകുന്നതിന് ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ ഉണ്ടോ എന്നറിയിക്കാമോ. ആയത് പരിഹരിച്ച് വീടും വസ്തുവും വാങ്ങുന്നതിന് ആനുകൂല്യം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം അർഹനാണെങ്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ